കേന്ദ്ര ഗവൺമെന്റ്
നിയമ മന്ത്രാലയം

सत्यमेव जयते

# ജഡ്ജിമാർ (അന്വേഷണ വിചാരണ) ആക്റ്റ്, 1968

**(1968-ലെ 51-ാം നമ്പർ ആക്റ്റ്)**

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1975

കേന്ദ്ര ഗവൺമെൻറ്
നിയമ മന്ത്രാലയം

सत्यमेव जयते

# ജഡ്ജിമാർ (അന്വേഷണ വിചാരണ) ആക്റ്റ്, 1968

(1968-ലെ 51-ാം നമ്പർ ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

# ജഡ്ജിമാർ (അന്വേഷണ വിചാരണ) ആക്റ്റ്, 1968

(1968-ലെ 51-ാം നമ്പർ)

സുപ്രീംകോടതിയിലേയോ ഹൈക്കോടതിയിലേയോ ജഡ്ജിയുടെ ദുർവൃത്തിയുടേയോ അപ്രാപ്തിയുടേയോ അന്വേഷണത്തിനും, തെളിയിക്കലിനും, രാഷ്ട്രപതിക്ക് പാർലമെന്റിനാലുള്ള സമാവേദനത്തിന്റെ സമർപ്പണത്തിനും അതിനോടു ബന്ധപ്പെട്ട വിഷയങ്ങൾക്കും ഉള്ള നടപടിക്രമം ക്രമപ്പെടുത്തുവാനുള്ള ഒരു ആക്റ്റ്.

[1968 ഡിസംബർ, 5.]

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ പത്തൊമ്പതാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം ഇതിനാൽ അധിനിയമം ചെയ്തിരിക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് ജഡ്ജിമാർ (അന്വേഷണ വിചാരണ) ആക്റ്റ്, 1968 എന്നു പേർ പറയാവുന്നതാണ്.

(2) ഇത്, കേന്ദ്ര ഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,

(ക) "ചെയർമാൻ" എന്നാൽ രാജ്യസഭയുടെ ചെയർമാൻ എന്നർത്ഥമാകുന്നു;

(ഖ) "കമ്മിററി" എന്നാൽ 3-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള കമ്മിററി എന്നർത്ഥമാകുന്നു;

(ഗ) "ജഡ്ജി" എന്നാൽ സുപ്രീം കോടതിയിലേയോ ഒരു ഹൈക്കോടതിയിലേയോ ഒരു ജഡ്ജി എന്നർത്ഥമാകുന്നതും, അതിൽ ഇൻഡ്യയുടെ ചീഫ് ജസ്ററീസും ഹൈക്കോടതിയുടെ ചീഫ് ജസ്ററീസും ഉൾപ്പെടുന്നതുമാകുന്നു;

(ഘ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(ങ) "സ്പീക്കർ" എന്നാൽ ലോകസഭയിലെ സ്പീക്കർ എന്നർത്ഥമാകുന്നു.

3. <u>ജഡ്ജിയുടെ ദുർവൃത്തിയേയോ അപ്രാപ്തിയേയോ കുറിച്ച് കമ്മിററിയാലുള്ള അന്വേഷണം</u>.—(1) ഒരു ജഡ്ജിയെ നീക്കം ചെയ്യുവാൻ പ്രാർത്ഥിച്ചുകൊണ്ട് രാഷ്ട്രപതിക്ക് സമാവേദനം സമർപ്പിക്കുവാനുള്ള ഉപക്ഷേപത്തിന് ഒരു നോട്ടീസ്.—

(ക) ലോകസഭയിൽ നല്കുന്ന നോട്ടീസിന്റെ സംഗതിയിൽ, ആ സഭയിലെ നൂറിൽ കുറയാത്ത അംഗങ്ങളും;

(ഖ) രാജ്യസഭയിൽ നല്കുന്ന നോട്ടീസിന്റെ സംഗതിയിൽ, ആ സഭയിലെ അൻപതിൽ കുറയാത്ത അംഗങ്ങളും;

ഒപ്പിട്ട് നല്കുന്നുവെങ്കിൽ, അപ്പോൾ, അതതു സംഗതിപോലെ, സ്പീക്കർക്കോ, ചെയർമാനോ, അദ്ദേഹത്തിന് യുക്തമെന്നുതോന്നുന്ന ആളുകളോട്, അങ്ങനെ ആരെങ്കിലും ഉണ്ടെങ്കിൽ, ആലോചിച്ചതിനുശേഷവും, അദ്ദേഹത്തിന് ലഭ്യമാകുന്ന ആധാരവിവരങ്ങൾ വല്ലതുമുണ്ടെങ്കിൽ അവ പരിഗണിച്ചതിനുശേഷവും, ഉപക്ഷേപം പരിഗ്രഹിക്കുകയോ പരിഗ്രഹിക്കാൻ വിസമ്മതിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഉപക്ഷേപം പരിഗ്രഹിക്കപ്പെടുന്നുവെങ്കിൽ, അതതു സംഗതിപോലെ, സ്പീക്കറോ ചെയർമാനോ ഉപക്ഷേപം നിലവിൽ വയ്ക്കുകയും, ജഡ്ജിയെ നീക്കം ചെയ്യുവാൻ അപേക്ഷിച്ചിട്ടുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുവേണ്ടി കഴിയുന്നതും വേഗത്തിൽ മൂന്നംഗങ്ങളടങ്ങിയ ഒരു കമ്മിററിയെ ഏർപ്പെടുത്തേണ്ടതും, അവരിൽ:—

(ക) ഒരാൾ സുപ്രീംകോടതിയിലെ ചീഫ് ജസ്ററിസിന്റേയും മററ് ജഡ്ജിമാരുടേയും ഇടയിൽനിന്ന് തിരഞ്ഞെടുക്കപ്പെടേണ്ടതും;

(ഖ) ഒരാൾ ഹൈക്കോടതികളിലെ ചീഫ്ജസ്ററീസുമാരുടെ ഇടയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടേണ്ടതും;

(ഗ) ഒരാൾ, അതതു സംഗതിപോലെ, സ്പീക്കറുടേയോ ചെയർമാന്റെയോ, അഭിപ്രായത്തിൽ, വിശിഷ്ടനായ നിയമപണ്ഡിതനായിരിക്കേണ്ടതും;

ആകുന്നു :

എന്നാൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഉപക്ഷേപത്തിന്റെ നോട്ടീസുകൾ, പാർലമെന്റിന്റെ ഇരുസഭകളിലും ഒരേദിവസംതന്നെ നല്കിയിട്ടുള്ളിടത്ത് ഉപക്ഷേപം ഇരുസഭകളും പരിഗ്രഹിച്ചിട്ടില്ലാത്തപക്ഷം ഒരു കമ്മിററിയും ഏർപ്പെടുത്താൻ പാടില്ലാത്തതും, അങ്ങനെയുള്ള ഉപക്ഷേപം ഇരുസഭകളും പരിഗ്രഹിച്ചിട്ടുള്ളിടത്ത്, കമ്മിററിയെ സ്പീക്കറും ചെയർമാനുംകൂടി ചേർന്ന് ഏർപ്പെടുത്തേണ്ടതും ആകുന്നു :

എന്നുമാത്രമല്ല, മേല്പറഞ്ഞ ഉപക്ഷേപത്തിന്റെ നോട്ടീസുകൾ പാർലമെന്റിന്റെ സഭകളിൽ വ്യത്യസ്ത ദിവസങ്ങളിൽ നല്കിയിട്ടുള്ളിടത്ത്, രണ്ടാമത് നല്കിയ നോട്ടീസ് തിരസ്കരിക്കപ്പെട്ടതാകുന്നതുമാണ്.

(3) ഏതെല്ലാം ചാർജ്ജുകളുടെ അടിസ്ഥാനത്തിലാണോ അന്വേഷണം നടത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള വ്യക്തമായ ചാർജ്ജുകൾ കമ്മിററി രൂപവൽക്കരിക്കേണ്ടതാകുന്നു.

(4) അങ്ങനെയുള്ള ചാർജ്ജുകൾ, ഓരോ ചാർജ്ജിനും അടിസ്ഥാനമായ കാരണങ്ങളെക്കുറിച്ചുള്ള ഒരു സ്റേറററുമെന്റോടുകൂടി, ജഡ്ജിയെ അറിയിക്കേണ്ടതും, അദ്ദേഹത്തിന് കമ്മിററി ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ പ്രതിവാദപത്രിക ഹാജരാക്കുവാൻ ന്യായമായ അവസരം നല്കേണ്ടതും ആകുന്നു.

(5) ജഡ്ജിക്ക് ശാരീരികമോ മാനസികമോ ആയ ഏതെങ്കിലും അപ്രാപ്തിമൂലം അദ്ദേഹത്തിന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ കാര്യക്ഷമതയോടെ നിർവ്വഹിക്കാൻ കഴിയുന്നില്ലെന്ന് ആരോപിക്കപ്പെടുകയും ആ ആരോപണം നിഷേധിക്കപ്പെടുകയും ചെയ്തിട്ടുള്ളിടത്ത്, കമ്മിററിക്ക് ആ ആവശ്യത്തിന് ആ ജഡ്ജിയുടെ മെഡിക്കൽ പരിശോധനയ്ക്ക്, അതതു സംഗതിപോലെ, സ്പീക്കറോ ചെയർമാനോ, അല്ലെങ്കിൽ കമ്മിററിയെ സ്പീക്കറും ചെയർമാനും കൂടിച്ചേർന്ന് ഏർപ്പെടുത്തിയിട്ടുള്ളിടത്ത്, അവർ രണ്ടുപേരുമോ അതിനുവേണ്ടി

നിയമിക്കുന്ന ഒരു മെഡിക്കൽബോർഡ് മെഡിക്കൽ പരിശോധന ചെയ്യുന്നതിനു ഏർപ്പാട് ചെയ്യാവുന്നതും, കമ്മിററി ഇതിലേക്ക് വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ, ജഡ്ജി അങ്ങനെയുള്ള മെഡിക്കൽ പരിശോധനയ്ക്ക് സ്വയം വിധേയനാകേണ്ടതും ആകുന്നു.

(6) മെഡിക്കൽബോർഡ്, ആവശ്യമെന്ന് പരിഗണിക്കപ്പെടുന്നതായ ജഡ്ജിയുടെ മെഡിക്കൽ പരിശോധന നടത്തുകയും അപ്രാപ്തി, ജഡ്ജിയെ, അദ്ദേഹത്തിന്റെ ഉദ്യോഗം തുടരുന്നതിന് അയോഗ്യനാക്കത്തക്കതാണോ എന്നതിനെക്കുറിച്ച് പ്രസ്താവിക്കുന്ന ഒരു റിപ്പോർട്ട് കമ്മിററിക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

(7) ആവശ്യകമെന്ന് പരിഗണിക്കുന്ന, മെഡിക്കൽ ബോർഡിന്റെ മെഡിക്കൽപരിശോധനയ്ക്ക് വഴങ്ങാൻ ജഡ്ജി വിസമ്മതിക്കുന്നുവെങ്കിൽ, ബോർഡ്, ജഡ്ജി വഴങ്ങാൻ വിസമ്മതിക്കുന്ന പരിശോധനയെക്കുറിച്ച് പ്രസ്താവിക്കുന്ന ഒരു റിപ്പോർട്ട് കമ്മിററിക്ക് സമർപ്പിക്കേണ്ടതും, അങ്ങനെയുള്ള റിപ്പോർട്ട് ലഭിച്ചതിൻമേൽ കമ്മിററിക്ക് ജഡ്ജി (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഉപക്ഷേപത്തിൽ ആരോപിച്ചതുപോലെയുള്ള ശാരീരികമോ മാനസികമോ ആയ അപ്രാപ്തി ഉള്ളവനാണെന്ന് അനുമാനിക്കാവുന്നതും ആണ്.

(8) കമ്മിററിക്ക് ജഡ്ജിയുടെ പത്രികയും, മെഡിക്കൽ റിപ്പോർട്ടും, ഏതെങ്കിലും ഉണ്ടെങ്കിൽ, പരിഗണിച്ചതിനുശേഷം, (3)-ാം ഉപവകുപ്പിൻകീഴിൽ രൂപവൽക്കരിച്ച ചാർജ്ജുകൾ ഭേദഗതി ചെയ്യാവുന്നതും അങ്ങനെയുള്ള സംഗതിയിൽ ജഡ്ജിക്ക്, ഒരു പുതിയ പ്രതിവാദപത്രിക ബോധിപ്പിക്കുവാൻ ന്യായമായ അവസരം കമ്മിററി നല്കേണ്ടതും ആകുന്നു.

(9) കേന്ദ്രഗവൺമെന്റിന്, അതതുസംഗതിപോലെ, സ്പീക്കറോ ചെയർമാനോ, അല്ലെങ്കിൽ രണ്ടുപേരും കൂടിയോ, ആവശ്യപ്പെടുന്നുവെങ്കിൽ, ജഡ്ജിക്കെതിരായുള്ള കേസ് നടത്തുന്നതിന് ഒരു അഡ്വക്കേററിനെ നിയമിക്കാവുന്നതാണ്.

4. <u>കമ്മിററിയുടെ റിപ്പോർട്ട്</u>.—(1) ഇതിലേക്കായി ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി,

കമ്മിററിക്ക് അന്വേഷണം നടത്തുന്നതിനുള്ള സ്വന്തം നടപടിക്രമം ക്രമപ്പെടുത്തുവാൻ അധികാരം ഉണ്ടായിരിക്കുന്നതും, ജഡ്ജിക്ക് സാക്ഷികളെ എതിർവിസ്താരം ചെയ്യുന്നതിനും തെളിവു നല്കുന്നതിനും തന്റെ പ്രതിവാദത്തിൽ കേൾക്കപ്പെടുവാനും ന്യായമായ അവസരം നല്കേണ്ടതും ആകുന്നു.

(2) അന്വേഷണത്തിന്റെ അവസാനത്തിൽ, കമ്മിററി, അതിന്റെ റിപ്പോർട്ട്, അതിൽ, ചാർജ്ജുകളിൽ ഓരോന്നിൻമേലുമുള്ള അതിന്റെ തീരുമാനങ്ങൾ വെവ്വേറെ പറഞ്ഞുകൊടുക്കുകയും, ഒട്ടാകെയുള്ള കേസിനെപ്പററി കമ്മിററിക്ക് യുക്തമെന്നു തോന്നുന്ന അഭിപ്രായങ്ങളോടുകൂടിയും, അതതുസംഗതിപോലെ, സ്പീക്കർക്കോ, ചെയർമാനോ, കമ്മിററിയെ സ്പീക്കറും ചെയർമാനും കൂടിച്ചേർന്ന് ഏർപ്പെടുത്തിയിട്ടുള്ളിടത്ത്, അവർ രണ്ടുപേർക്കും കൂടിയോ സമർപ്പിക്കേണ്ടതാകുന്നു.

(3) സ്പീക്കറോ ചെയർമാനോ, അല്ലെങ്കിൽ, കമ്മിററിയെ, സ്പീക്കറും ചെയർമാനും കൂടിച്ചേർന്ന് ഏർപ്പെടുത്തിയിട്ടുള്ളിടത്ത്, അവർ രണ്ടുപേരും കൂടിയോ (2)-ാം ഉപവകുപ്പിൻകീഴിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള റിപ്പോർട്ട് കഴിയുന്നതുംവേഗം യഥാക്രമം ലോകസഭയുടെയും രാജ്യസഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാകുന്നു.

5. കമ്മിററിയുടെ അധികാരങ്ങൾ.— ഈ ആക്ററിൻകീഴിൽ ഏതെങ്കിലും അന്വേഷണം നടത്തുന്ന ആവശ്യത്തിലേയ്ക്ക്, കമ്മിററിക്ക് താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ, സിവിൽ കോടതിക്കുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്,

അതായത് :—

(ക) ഏതെങ്കിലും ആളെ സമൺ ചെയ്യുന്നതും ഹാജരാക്കിക്കുന്നതും ശപഥത്തിൻമേൽ വിസ്തരിക്കുന്നതും ;

(ഖ) രേഖകൾ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നത് ;

(ഗ) ശപഥത്തിൻമേൽ തെളിവ് സ്വീകരിക്കുന്നത് ;

(ഘ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകൾ പുറപ്പെടുവിക്കുന്നത് ;

(ങ) നിർണ്ണയിക്കപ്പെടുന്ന മററു വിഷയങ്ങൾ.

6. റിപ്പോർട്ടിന്റെ പരിഗണനയും ജഡ്ജിയെ നീക്കം ചെയ്യുവാൻ സമാവേദനം ബോധിപ്പിക്കുവാനുള്ള നടപടിക്രമവും.— (1) കമ്മിററിയുടെ റിപ്പോർട്ട് ജഡ്ജി ഏതെങ്കിലും ദുർവൃത്തിക്ക് അപരാധിയല്ലെന്നോ അല്ലെങ്കിൽ ഏതെങ്കിലും അപ്രാപ്തി ഉള്ളവനല്ലെന്നോ ഉള്ള തീരുമാനം അടങ്ങുന്നതാണെങ്കിൽ, അപ്പോൾ, റിപ്പോർട്ട് സംബന്ധിച്ച് പാർലമെൻറിന്റെ ഇരുസഭകളിൽ ഏതിലെങ്കിലും യാതൊരു കൂടുതൽ നടപടിയും എടുക്കാൻ പാടില്ലാത്തതും, പാർലമെൻറിന്റെ സഭയിലോ സഭകളിലോ, നിലവിലിരിക്കുന്ന ഉപക്ഷേപക്കാര്യത്തിൽ തുടർന്ന് ഒന്നും ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(2) കമ്മിററിയുടെ റിപ്പോർട്ട് ജഡ്ജി ഏതെങ്കിലും ദുർവൃത്തിക്ക് അപരാധിയാണെന്നോ ഏതെങ്കിലും അപ്രാപ്തി ഉള്ളവനാണെന്നോ ഉള്ള തീരുമാനം അടങ്ങുന്നതാണെങ്കിൽ, അപ്പോൾ, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ പരാമർശിച്ചിട്ടുള്ള ഉപക്ഷേപം കമ്മിററിയുടെ റിപ്പോർട്ടോടുകൂടി അത് നിലവിലിരിക്കുന്ന പാർലമെൻറുസഭയോ സഭകളോ പരിഗണനയ്ക്ക് എടുക്കേണ്ടതാകുന്നു.

(3) ഉപക്ഷേപം, അതതുസംഗതിപോലെ, ഭരണഘടന, 124-ാം അനുച്ഛേദം (4)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായോ അല്ലെങ്കിൽ ആ ഖണ്ഡം 218-ാം അനുച്ഛേദത്തോടുചേർത്ത് വായിച്ചാലുള്ളതിനനുസൃതമായോ പാർലമെൻറിന്റെ ഓരോ സഭയും അംഗീകരിക്കുന്നുവെങ്കിൽ, അപ്പോൾ ജഡ്ജിയുടെ ദുർവൃത്തിയോ അപ്രാപ്തിയോ തെളിയിക്കപ്പെട്ടതായി കരുതപ്പെടുന്നതും, ജഡ്ജിയെ നീക്കം ചെയ്യുവാൻ അപേക്ഷിച്ചുകൊണ്ടുള്ള സമാവേദനം, ആ ഉപക്ഷേപം അംഗീകരിച്ച അതേ സമ്മേളനത്തിൽതന്നെ പാർലമെൻറിന്റെ ഓരോസഭയും നിർണ്ണയിക്കപ്പെട്ടവിധത്തിൽ രാഷ്ട്രപതിക്ക് ബോധിപ്പിക്കേണ്ടതും ആകുന്നു.

7. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.— (1) ഈ ആക്റിന്റെ ആവശ്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻവേണ്ടി, ഇതിൽ ഇതിനുശേഷം അടങ്ങിയ വ്യവസ്ഥകൾക്കനുസൃതമായി പാർലമെൻറിന്റെ ഇരുസഭകളുടേയും ഒരു സംയുക്ത കമ്മിററി ഏർപ്പെടുത്തേണ്ടതാകുന്നു.

(2) സംയുക്ത കമ്മിററി പതിനഞ്ച് അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതും, അതിൽ പത്തുപേരെ സ്പീക്കർ നാമനിർദ്ദേശം ചെയ്യേണ്ടതും അഞ്ചുപേരെ ചെയർമാൻ നാമനിർദ്ദേശം ചെയ്യേണ്ടതും ആകുന്നു.

(3) സംയുക്ത കമ്മിററി, അതിൻെറ സ്വന്തം ചെയർമാനെ തിരഞ്ഞെടുക്കേണ്ടതും, അതിന് സ്വന്തം നടപടിക്രമം ചിട്ടപ്പെടുത്തുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതും ആണ്.

(4) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധം, സംയുക്തകമ്മിററിക്ക്, മററു വിഷയങ്ങളുടെ കൂട്ടത്തിൽ താഴെ പറയുന്നവയ്ക്ക് വ്യവസ്ഥചെയ്യുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്,

അതായത് :—

(ക) പാർലമെൻറിൻെറ ഒരു സഭ അംഗീകരിച്ച ഉപക്ഷേപം മറേറ സഭയിലേക്ക് അയച്ചുകൊടുക്കുന്നതിനുള്ള രീതി;

(ഖ) ജഡ്ജിയെ നീക്കം ചെയ്യുന്നതിന് രാഷ്ട്രപതിക്ക് സമാവേദനം ബോധിപ്പിക്കുന്നതിനുള്ള രീതി ;

(ഗ) കമ്മിററിയിലെ അംഗങ്ങൾക്കും അങ്ങനെയുള്ള കമ്മിററിയിൽ ഹാജരാകുവാൻ ആവശ്യപ്പെടുന്ന സാക്ഷികൾക്കും, കൊടുക്കേണ്ട യാത്രബത്തയും മററ് ബത്തകളും;

(ഘ) ജഡ്ജിക്ക് തൻെറ പ്രതിവാദം നടത്തുവാൻ നല്കപ്പെടാവുന്ന സൗകര്യങ്ങൾ ;

(ങ) ചട്ടങ്ങളാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതോ ചെയ്യാവുന്നതോ അല്ലെങ്കിൽ സംയുക്ത കമ്മിററിയുടെ അഭിപ്രായത്തിൽ, വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമുള്ളതോ ആയ മറേറതെങ്കിലും വിഷയം.

(5) ഈ വകുപ്പിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾ സ്പീക്കറും ചെയർമാനും അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതുവരെ, പ്രഭാവത്തിൽ വരുന്നതല്ലാത്തതും ചട്ടങ്ങളുടെ അങ്ങനെയുള്ള പ്രസിദ്ധീകരണം അവ യഥാവിധി ഉണ്ടാക്കിയതാണെന്നുള്ളതിന് നിശ്ചയാകമായ തെളിയിക്കലായിരിക്കുന്നതും ആണ്.